## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം , തിരുവനന്തപുരം

വിഷയം - ആ.വ.ഡ - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - ഒ.എ നം. 1128/2020 അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം.1128/2020 നമ്പരിലുള്ള 05/08/2020 ലെ ഉത്തരവ്

**ഉത്തരവ് നം.ഇ.എ 1-63369 / 2020 /ആ.വ.ഡ , തീയതി -30/09/2020**

പനത്തടി താലൂക്ക് ആശുപത്രിയില് പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ.മീനാകുമാരി.എസ് തൃശ്ശൂർ ജില്ലയിലേക്ക് സ്ഥലമാറ്റത്തിനായി സമർപ്പിച്ച അപേക്ഷയിൻമേൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ നം.1128/2020 നമ്പരിലുള്ള 05/08/2020 ലെ ഉത്തരവിൽ ടിയാരിയുടെ അപേക്ഷ പരിഗണിച്ച് ഇരിങ്ങാലക്കുട താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകി നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിന് നിർദ്ദേശിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ഡോ.മീനാ കുമാരി .എസ് -നെ സ്ഥലം മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ തൃശ്ശൂർ ഇരിങ്ങാലക്കുട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം.1128/2020 നമ്പരിലുള്ള 05/08/2020 ലെ വിധി ന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
ഡോ.സരിത.ആർഎൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് -

ഡോ.മീനാകുമാരി.എസ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)

പകർപ്പ്-

1. അക്കൗണ്ടന്റ് ജനറൽ ഓഫീസ് , തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
4. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
5. ഫയൽ/കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സീനിയർ സൂപ്രണ്ട്

ANJ-01/10/2020 KG